# ഗുരു വന്നിട്ടുണ്ട്

ഫാദർജി

കഫർന്നഹ്യൂമിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ യേശു പത്രോസിനെ വിളിച്ചു പറഞ്ഞു. നാളെ ഉച്ചയ്ക്ക് എല്ലാവർക്കും ഭക്ഷണം നിന്റെ വീട്ടിലാണ്.

പത്രോസാകെ വിഷമിത്തിലായി. പെട്ടെന്ന് ഒരുക്കമില്ലാതെ ഗുരുവിനെ സ്വീകരിക്കുന്നതെങ്ങനെ?

ഗുരുവിനെ വീട്ടിലേക്ക് ക്ഷണിക്കണമെന്ന് കൂട്ടുകാരി പലതവണപറഞ്ഞിട്ടുണ്ട്. ആഗ്രഹമില്ലാഞ്ഞിട്ടല്ല. ജനലക്ഷങ്ങൾ തിക്കിതിരക്കുന്ന ഗുരുവിനെ ഒന്നു സൗകര്യമായി കിട്ടിയിട്ടു വേണ്ടെ ക്ഷണിക്കുവാൻ. രോഗികൾ, അഗതികൾ, ആരാധകർ, ആക്രമിക്കുവാൻ അവസരം കാത്തു നടക്കുന്ന പരിശ പ്രമാണികൾ, ചേവകർ, താടിയും തടവി മനസ്സിൽ കരുനീക്കങ്ങളുമായി ഗുരുവിന് പിറകെ നടക്കുന്ന പ്രധാനാചാര്യൻമാർ..... ഇവരെയൊക്കെ കൈകാര്യം ചെയ്യുന്നതും സുരക്ഷാപദ്ധതികൾ പ്ലാൻ ചെയ്യുന്നതും പത്രോസാണ്. ഇരുട്ടായാൽ ഗുരു പ്രാർത്ഥനയ്ക്കായി വിട വാങ്ങും. ഈ തിരക്കിനിടയ്ക്ക് കൂട്ടുകാരി പറഞ്ഞത് മറന്നു പോകും.
പക്ഷേ ഇതെങ്ങനെ ഗുരു അറിഞ്ഞു?

ഒരാഴ്ചത്തെ യരുശലേം യാത്രയ്ക്കുള്ള അത്യാവശ്യം വസ്ത്രമെടുക്കുവാൻ പത്രോസ് ഓടി വീട്ടിലെത്തിയപ്പോൾ കൂട്ടുകാരി പരാതിപ്പെട്ടി തുറന്നു.

മനപ്പൂർവ്വം വേണ്ടെന്നു വച്ചിട്ടാ അല്ലെങ്കിൽ ഗുരു എവിടെയൊക്കെ പോകുന്നു. പാവപ്പെട്ട ലാസറിന്റെ വീട്ടിൽ മിക്കപ്പോഴും പോവുന്നില്ലേ? നിങ്ങൾ ഗുരുവിന്റെ വലിയ ആളാണെന്നു പറഞ്ഞിട്ടെന്താ കാര്യം? എന്റെ അമ്മ ഒരേ ഒരാഗ്രഹമേ പറഞ്ഞിട്ടുള്ളൂ. ഇഷ്ടമല്ലെങ്കിൽ വേണ്ടന്നേ, ഞാനിനി പറയുന്നില്ല.

പത്രോസ് സ്നേഹത്തോടെ പ്രേമാർദ്രമായി കൂട്ടുകാരിയുടെ പരിഭവം കൊണ്ടുചുവന്ന മുഖത്തേക്കു നോക്കി പുഞ്ചിരിച്ചു. സോറി, മൈഡിയർ, ഇനി താമസിക്കില്ല. ഗുരു നമ്മുടെ വീട്ടിൽ വരാൻ തിരുമനസ്സായിരിക്കുന്നു. സദ്യ ഗംഭീരമാക്കിയേക്കണം. ഗെറ്റ് റെഡി.

പത്രോസിന്റെ വീടും പരിസരവും ഉത്സവലഹരിയിലായി. ഗുരുവിന്റെ സാന്നിദ്ധ്യം വലിയൊരു ഭാഗ്യമാണ്. കുട്ടികൾ തുള്ളിച്ചാടി. ജനലക്ഷങ്ങൾ ഒന്നു കാണുവാൻ കൊതിക്കുന്ന ദിവ്യപുരുഷൻ വീട്ടിലെ അഥിതിയാകുന്നതോർത്തപ്പോൾ ശ്രീമതിയുടെ ഹൃദയം തുടികൊട്ടി. അതെ, അമ്മയുടെ ദീർഘകാലത്തെ ആഗ്രഹം സഫലീകരിക്കുകയാണ്.

വിപുലമായ സദ്യവട്ടങ്ങളൊരുക്കി. നാട്ടുകാരും വീട്ടുകാരുമെത്തി വീടും പരിസരവും കമനീയമാക്കി. ഈന്തപ്പന, ഒലിവുകൊമ്പുകൾ കൊണ്ട് വഴിയോരങ്ങൾ അലങ്കരിച്ചു.

യേശു എത്തുന്നതിന് മണിക്കൂറുകൾ മുമ്പേ പരിസരം ജനനിബിഡമായി. രോഗികളും അഗതികളും ദിവ്യദർശനത്തിനായി വഴിയിൽ കാത്തു നിന്നു.

പെട്ടെന്ന് അമ്മയ്ക്കൊരു തലവേദന. പിന്നെ പനിയും വിറയലും ശക്തമായി. തലചുറ്റി നിലത്തു വീണു. ബോധം മറിഞ്ഞു. ആളുകൾ ഓടിക്കൂടി.

എന്റെ കർത്താവേ, എന്റെ അമ്മ ഇത്ര ഭാഗ്യമില്ലാത്തവളായല്ലോ? അങ്ങയെ സ്വീകരിക്കുവാൻ ഞങ്ങളെത്ര പാടുപെട്ടു.? ഞങ്ങൾ പാപികളാണോ?

മകൾ പൊട്ടിക്കരഞ്ഞു.

അതാ യേശു എത്തിക്കഴിഞ്ഞു.

ആളുകൾ വിളിച്ചു പറഞ്ഞു. ഉപചാര മര്യാദകൾക്കായി യേശുവിനു മുമ്പിൽ കടന്നു ഓടിയെത്തിയ പത്രോസിനെ കെട്ടിപ്പിടിച്ച് പ്രിയപ്പെട്ടവൾ കരഞ്ഞു. നമ്മൾ ഭാഗ്യമില്ലാത്തവരാണ്. നമ്മുടെ അമ്മ........

കരയരുത്, ഗുരു വളരെ വിശന്നാണ് വരുന്നത്. നമുക്കെല്ലാം ഭക്ഷണം കഴിഞ്ഞിട്ടു പറയാം.

പത്രോസ് സാന്ത്വനിപ്പിച്ചു.

യേശുവും ശിക്ഷ്യൻമാരും മുറ്റത്തെത്തി. ജനം വീർപ്പടക്കി നിന്നു. കാൽ കഴുകി ചുംബിച്ച് ഗുരുവിനെ പത്രോസ് വീട്ടിലേക്ക് ക്ഷണിച്ചു. വികാരസമുദ്രം ഉള്ളിലൊതുക്കി വീട്ടുകാരി ഗുരുവിന്റെ പാദം തൊട്ടുവന്ദിച്ചു.

സുഖമാണോ? ഗുരു ചോദിച്ചു.

വിങ്ങലുകൾ അമർത്തുവാൻ പണിപ്പെടുന്ന പ്രിയയോട് പത്രോസ് പറഞ്ഞു. വേഗം അകത്തു ചെന്ന് ഭക്ഷണം വിളമ്പ് ഗുരു നന്നേ ക്ഷീണിച്ചാണ് വന്നിരിക്കുന്നത്.

ക്രിസ്തുവും ശിക്ഷ്യൻമാരും ഭക്ഷണത്തിനിരുന്നു. പാത്രങ്ങളും പാനപാത്രങ്ങളും നിരന്നു. വിരുന്നു വാഴിയും വിളമ്പുകാരനും തയ്യാറായി.

അമ്മയെവിടെ? ഗുരു ചോദിച്ചു.

അകത്തുണ്ട്. തിരക്കിലാണ്. ആത്മസംയനം വീണ്ടെടുത്ത് പത്രോസ് പറഞ്ഞു.

ഞങ്ങൾക്ക് അമ്മ വിളമ്പട്ടെ. പത്രോസിനെ ഉറ്റുനോക്കിക്കൊണ്ട് ക്രിസ്തു പറഞ്ഞു.

ഗുരോ, ഞങ്ങളുടെ അമ്മ വല്ലാതെ വയ്യാതെയാണ്. അങ്ങു വിശ്രമിക്കുമ്പോൾ പറയാമെന്ന് കരുതി. ക്ഷമിക്കണം.

പത്രോസ് പറഞ്ഞു നിർത്തിയപ്പോഴേക്കും വീട്ടിൽ കൂട്ടക്കരച്ചിലായി.

ക്രിസ്തു എഴുന്നേറ്റു. അലിവും അനുകമ്പയും വിടർന്ന കണ്ണുകൾ കൊണ്ട് പൊട്ടിക്കരയുന്ന മകളെ തലോടി. പിന്നെ മുറിയിലേക്ക് നടന്നു. അത്യാസന്നയായ അമ്മയെ ശുശ്രൂഷിക്കുന്നവർ മാറി നിന്നു. അമ്മയുടെ കട്ടിലിലിരുന്ന് നെറുകയിൽ കൈവച്ച് മുഖത്തേയ്ക്ക് ആർദ്രതയോടെ നോക്കി. പിന്നെ കണ്ണുകളടച്ചു.

ഞരക്കവും വിറയലും ശാന്തമായി. ശാന്തിയും സൗഖ്യവും സ്വാന്തനവും മേലാകെ പടർന്നു. അമ്മ മെല്ലെ കണ്ണുകൾ തുറന്നു യേശുവിനെ നോക്കി. യേശു അവളെ കൈപിടിച്ചെഴുന്നേൽപ്പിച്ചു. അവളോടൊപ്പം കുടുംബം മുഴുവൻ ക്രിസ്തുവിന്റെ കാൽക്കൽ വീണു.

അങ്ങയെ ഭാരപ്പെടുത്തേണ്ടി വന്നതിൽ വിഷമമുണ്ട്.

വിതുമ്പിക്കൊണ്ട് അമ്മ പറഞ്ഞു.

അയ്യോ അതെന്താ അമ്മ അങ്ങിനെ പറഞ്ഞത്? എനിക്കു വേണ്ടി പ്രിയപ്പെട്ടവൾ, മക്കൾ, അമ്മ സൗഭാഗ്യങ്ങൾ എല്ലാം ഉപേക്ഷിച്ച മോന്റെ വീട്ടുകാര്യം നോക്കേണ്ടത് എന്റെ കടമയല്ലെ അമ്മേ? എനിക്ക് സ്വന്തം ജീവിതം കടം തന്നവരുടെ വീട്ടിൽ കാര്യവിചാരകനായി ഞാനുണ്ടാകും. അതെന്റെ സ്വന്തം കാര്യവും കടമയുമാണ്.

നിറമിഴികളോടെ ഗുരുവിന്റെ കൈകളിൽ പിടിച്ച് തേങ്ങിയ പത്രോസിന്റെ കൂട്ടുകാരിയോട് പറഞ്ഞു. നിന്റെ കൂട്ടുകാരൻ എനിക്ക് വലിയ സഹായിയാ. ചൂട് ഇമ്മിണി കൂടുതലാണെങ്കിലും ഇൻസൈഡ് വളരെ ക്ലിയറാ.

ഏങ്ങലടികൾ പൊട്ടിച്ചിരികളായി.

പെട്ടെന്ന് പന്തിയൊരുങ്ങി. വിരുന്നുവാഴി വീഞ്ഞു പകർന്നു. അമ്മ വിഭവങ്ങൾ വിളമ്പി.